പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവൽകരണ സെമിനാറുകൾ, താലൂക്ക്-ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തി വരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി നടപ്പിലാക്കി വരുന്നു. പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. അതോടൊപ്പം നാനോ സംരംഭങ്ങൾക്കുള്ള മാർജിൻമണി ഗ്രാന്റ് പദ്ധതി, നാനോ ഗാർഹിക യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി, കോവിഡ് സാഹചര്യത്തിൽ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്ന വ്യവസായ ഭദ്രത പലിശയിളവ് പദ്ധതി, കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി, വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ പി.എം.എഫ്.എം.ഇ. (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതി എന്നിവയും സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിലുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കി വരുന്ന സാമ്പത്തിക സഹായ പദ്ധതികളാണ്.

**കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി**

132(3564) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി നിലവിലുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കേരളത്തിലെ പരമ്പരാഗത കരകൗശല മേഖലകളുടെ പരിപോഷണത്തിനായി കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി), കേരള സംസ്ഥാന മുള വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻ വികസന കോർപ്പറേഷൻ (കാഡ്കോ), കേരള പനയുൽപ്പന്ന വികസന കോർപ്പറേഷൻ (കെല്പാം) എന്നീ സംസ്ഥാനതല സ്ഥാപനങ്ങൾ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ഥാപനങ്ങൾ മുഖേന അതാത് മേഖലകളിലെ പദ്ധതി പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുന്നതിനുവേണ്ടി വർഷാവർഷം ബഡ്ജറ്റ് വിഹിതം അനുവദിച്ച് വരുന്നു. സർക്കാർ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി പ്രസ്തുത സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിച്ച് തൊഴിലാളികൾക്ക് വിതരണം ചെയ്യുക, വിപണനത്തിനായി സ്ഥിരം സംവിധാനമൊരുക്കുക എന്നിവയ്ക്ക് പുറമേ വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിക്കുക, പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നിവയും ചെയ്തുവരുന്നു. തൊഴിൽ ദിനം വർദ്ധിപ്പിച്ചും മെച്ചപ്പെട്ട കൂലി ലഭ്യമാക്കിയും തൊഴിലാളി ക്ഷേമം ഉറപ്പു വരുത്തുന്നതിന് മേൽ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

(ബി) കുടിൽ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പ്രത്യേകമായ വിപണന സൗകര്യങ്ങൾ ആവിഷ്കരിക്കുന്നതിനും പ്രസ്തുത ഉല്പന്നങ്ങളുടെ ഫലപ്രദമായ വൈവിദ്ധ്യവൽക്കരണത്തിനും നടപടി സ്വീകരിക്കുമോ?

വിവിധ പദ്ധതികളിലൂടെ ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിനും ഫലപ്രദമായ വിപണന വിതരണ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി) എന്നീ സ്ഥാപനങ്ങൾ അവയുടെ ഷോറൂമുകളിലൂടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. പ്രസ്തുത ഷോറൂമുകളുടെ നവീകരണത്തിനാവശ്യമായ ഫണ്ടും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സർക്കാർ നൽകി വരുന്നു.

(സി) വൻകിട-ചെറുകിട വ്യവസായ സംരംഭകർ കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി അംഗീകരിക്കാൻ മടി കാണിക്കുന്ന സാഹചര്യത്തിൽ കുടിൽ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനതല സ്ഥാപനങ്ങൾ വഴി മേഖലയെ സഹായിക്കുന്നതോടൊപ്പം സർക്കാർ നേരിട്ടും ഇടപെടുന്നുണ്ട്. കരകൗശല മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ' എന്ന പേരിൽ ഒരു പദ്ധതി നടന്നു വരുന്നു. അതുപ്രകാരം കരകൗശല മേഖലയിൽ ആരംഭിക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന്റെ 40% തുക, പരമാവധി രണ്ട് ലക്ഷം രൂപ ഗ്രാന്റായി നൽകുന്നു. പട്ടികജാതി/പട്ടികവർഗ്ഗ/വനിത സംരംഭകർക്ക് ധനസഹായത്തിന്റെ പരിധി 3 ലക്ഷം രൂപയാണ്. പരമ്പരാഗത/കരകൗശല ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തി നൽകുന്നതിന് വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly